**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2959** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഫാം ടൂറിസത്തിൽ മത്സ്യകൃഷിയുടെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഫാം ടൂറിസത്തിൽ മത്സ്യ കൃഷിയുടെ സാധ്യതകളെ കുറിച്ച് ഫിഷറീസ് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. മത്സ്യഫെഡ് വഴി എറണാകുളം ജില്ലയിലുള്ള ഞാറക്കൽ, മാലിപ്പുറം, ഫാമുകളിലും കോട്ടയം ജില്ലയിലെ പാലയ്ക്കരി ഫാമിലും നിലവിൽ അക്വാ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ ഫാമുകൾ സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് ബോട്ടിംഗ്നടത്തുന്നതിനും, ചൂണ്ടയിട്ട് മത്സ്യം പിടിക്കുന്നതിനും, ഫ്ലോട്ടിംഗ് റസ്റ്റോറന്റിൽ ഭക്ഷണം കഴിക്കുന്നതിനും ഫാമിൽ തന്നെ വളർത്തുന്ന ശുദ്ധമായ മത്സ്യവിഭവങ്ങൾ ആസ്വദിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെടുന്നതിനു മുൻപ് 2018 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽപ്പരം സന്ദർശകരിലൂടെ രണ്ടു കോടിയിലധികം വരുമാനം നേടാനായിട്ടുണ്ട്. |
| (ബി) | കൃഷി, ഫിഷറീസ്, ടൂറിസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഫാം ടൂറിസം മേഖലകളിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ; | (ബി) | കൃഷി, ഫിഷറീസ്, ടൂറിസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഫാം ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. കണ്ണൂർ ജില്ലയിലെ എരഞ്ഞോളി, കൊല്ലം, ആയിരംതെങ്ങ് തൃശ്ശൂർ, പൊയ്യ, ചെങ്ങന്നൂർ കുതിരവട്ടം ചിറ ഫാമുകളിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് ലക്ഷ്യമിടുന്നു. |
| (സി) | പട്ടാമ്പി മണ്ഡലത്തിലെ കാർഷിക ഗവേഷണ | (സി) | പട്ടാമ്പി മണ്ഡലത്തിലെ കാർഷിക ഗവേഷണ |

| | | | |
|---|---|---|---|
| | സർവ്വകലാശാലയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | | സർവ്വകലാശാലയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഡി) | പൊതു ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മത്സ്യം വാങ്ങുന്നതിന് ഫാം ടൂറിസം മത്സ്യ കൃഷി പോലുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് ഗ്രാന്റ് അനുവദിക്കുമോ? | (ഡി) | മത്സ്യഫെഡിന്റെ എറണാകുളം ജില്ലയിലുള്ള ഞാറയ്ക്കൽ മാലിപ്പുറം ഫാമുകളിലും കോട്ടയം ജില്ലയിലെ പാലായ്ക്കരി ഫാമിലും ഉല്പാദിപ്പിക്കുന്ന ശുദ്ധവും ഗുണനിലവാരവുമുള്ള മത്സ്യങ്ങൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ വിതരണം ചെയ്തു വരുന്നുണ്ട് . അതുപോലെ വകുപ്പിന്റെ കീഴിലുള്ള അഡാക്കിന്റെ ഫാമുകളിൽ നിന്നും മത്സ്യങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. മത്സ്യവകുപ്പിന്റെ കീഴിലുള്ള ഫാമുകളിലും മത്സ്യഫെഡിന്റെ ഫാമുകളിലും ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് വഴി ഫണ്ട് അനുവദിച്ചു വരുന്നു. എന്നാൽ മറ്റു വകുപ്പുകൾ ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കുന്നതിന് അതാത് വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ